**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2731** **13-12-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തറ ടെക്സ്റ്റയിൽസ് ഭൂമിയിൽ കൺസോർഷ്യം രൂപീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റയിൽസിന്റെ ഭൂമിയും മറ്റ് വസ്തുക്കളും അന്യാധീനപ്പെട്ട് പോവുന്നത് തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (എ) | കുന്നത്തറ ടെക്സ്റ്റൈൽസ് ബഹു.ഹൈക്കോടതിയുടെ ഉത്തരവിനാൽ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിന് ഒഫിഷ്യൽ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹു.ഹൈക്കോടതി അനുമതിയോടെ, പൂട്ടിക്കിടക്കുന്ന കുന്നത്തറ ടെക്സ്റ്റൈൽസിന്റെ പുന:രുദ്ധാരണ പാക്കേജുമായി മുന്നോട്ടു പോകുന്നതിന് സംസ്ഥാന സർക്കാർ ശ്രമിക്കുകയാണ്. |
| (ബി) | പ്രസ്തുത ഭൂമിയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സഹകരണ സംഘങ്ങളെ സംയോജിപ്പിച്ച് ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനും കുന്നത്തറ കമ്പനിയുടെ പഴയ കടബാധ്യത തീർക്കുന്നതിനും സർക്കാർ മുൻകൈ എടുക്കുമോ? | (ബി) | ഏറ്റെടുപ്പ് നടപടികൾക്ക് അനുമതി ലഭ്യമായതിനു ശേഷം ഭാവി കാര്യങ്ങൾ തീരുമാനിയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ